# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2070** 17/02/2016-ൽ മറുപടിക്ക്

## വൈദ്യുതി ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി എത്ര വൈദ്യുതിയാണ് ആവശ്യമായിട്ടുള്ളത്; | (എ) 10/02/2016-ലെ കണക്കനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 62.933 ദശലക്ഷം യൂണിറ്റ്. |
| (ബി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം എത്ര;ഉല്പാദനവും ഉപഭോഗവും തമ്മിൽ നിലവിലുള്ള അന്തരം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) 10/02/2016 കണക്കനുസരിച്ച് പ്രതിദിന ശരാശരി ആഭ്യന്തര ഉൽപ്പാദനം 15.840 ദശലക്ഷം യൂണിറ്റാണ്. ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം - 47.093 ദശലക്ഷം യൂണിറ്റാണ്. അതിൽ കേന്ദ്ര വിഹിതം - 34.736 ദശലക്ഷം യൂണിറ്റാണ്. ഹ്രസ്വ/ മദ്ധ്യ/ ദീർഘകാല കരാറുകൾ മുഖേന ട്രേഡർമാർ വഴിയും പവർ എക്സ്ചേഞ്ച് വഴിയും വൈദ്യുതി ലഭ്യമാക്കിയുമാണ് ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരം നിറവേറ്റുന്നത്. |
| (സി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ? | (സി) നിർമ്മാണം ആരംഭിച്ച 6 പദ്ധതികൾ കൂടാതെ 219 MW ന്റെ 18 ജല വൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ |

(....2)

സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നീ ഉത്പാദന മേഖലകളിൽ സംസ്ഥാനത്ത് ലഭ്യമായ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവയുടെ വിശദാംശം അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ 23 ചെറുകിട ജലസേചന പദ്ധതികൾ IPP/CPP വിഭാഗത്തിൽ BOOT അടിസ്ഥാനത്തിൽ 30 കൊല്ലത്തേക്ക് അനുവദിച്ചിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധം 2 -ൽ കൊടുത്തിരിക്കുന്നു.

നിലവിലുള്ള വൈദ്യുതിയുടെ ലഭ്യതയുടെയും ആവശ്യകതയുടെയും കണക്കുകൾ (ലോഡ് ജനറേഷൻ ബാലൻസ് LGB) പരിശോധിച്ച് വരും വർഷങ്ങളിലേക്ക് വൈദ്യുതിയുടെ ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ വൈദ്യുതി വ്യാപാരികളിൽ നിന്നും ജനറേറ്റിങ് കമ്പനി കളിൽ നിന്നും ദീർഘ/മദ്ധ്യ/ ഹ്രസ്വകാലാടി സ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടു വരുന്നു. അതിൻപ്രകാരം 1415 മെഗാവാട്ട് (25 വർഷത്തേയ്ക്ക്) ദീർഘകാലാടിസ്ഥാന ത്തിലും, 400 മെഗാവാട്ട് (മാർച്ച് 2014 മുതൽ ഫെബ്രുവരി 2017 വരെ) മദ്ധ്യ കാലാടി സ്ഥാനത്തിലും 300 മെഗാവാട്ട് (ജൂൺ 2015 മുതൽ മെയ് 2016 വരെ) ഹ്രസ്വ-കാലാടിസ്ഥാനത്തിലും കെ.സ്.ഇ.ബി. എൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്